**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2952 — 22.06.2012-ൽ മറുപടിയ്ക്ക്

**ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ ശാക്തീകരണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ:<br>ശ്രീ. പി. സി. വിഷ്ണുനാഥ്:<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:<br>ശ്രീ. എം. പി. വിൻസെന്റ്: | ശ്രീ. മഞ്ഞളാംകുഴി അലി<br>(മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| (എ) ന്യൂനപക്ഷ ക്ഷേമ വകുപ്പിനെ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ; | (എ) സംസ്ഥാനത്ത് വിവിധ വകുപ്പുകൾ മുഖേന നടപ്പാക്കിവരുന്ന ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾ ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ കീഴിൽ കൊണ്ടു വരാൻ നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റ് ഓഫീസിൽ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചു. വകുപ്പിന്റെ മുഴുവൻ പ്രവർത്തനങ്ങളുമടങ്ങുന്ന വെബ്പോർട്ടൽ തയ്യാറായി വരുന്നു. M.S.D.P പദ്ധതിയുടെ മോണിറ്ററിംഗിനായി ഡയറക്ടറേറ്റിലും വയനാട് കളക്ടറേറ്റിലും ഐ.ടി. എനേബിൾഡ് ഡെഡിക്കേറ്റഡ് സെൽ സ്ഥാപിച്ചിട്ടുണ്ട്. |
| (സി) ഡയറക്ടറേറ്റിനു കീഴിൽ റീജണൽ ഓഫീസുകൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ എവിടെയൊക്കെയാണ് ആരംഭിച്ചിട്ടുള്ളത് ? | (സി) എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഓരോ മൈനോറിറ്റി സെല്ലുകൾ പ്രവർത്തിക്കുന്നുണ്ട്. |

**സെക്ഷൻ ആഫീസർ.**